# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3384

10.12.2018-ൽ
മറുപടിയ്ക്ക്

## നിർമ്മിതി കേന്ദ്രത്തിന് ഭവന നിർമ്മാണ പദ്ധതിയിൽ തുക

**ചോദ്യം**
ശ്രീ. വി.ഡി. സതീശൻ

**ഉത്തരം**
ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും
വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) 2018-19 സാമ്പത്തിക വർഷം നിർമ്മിതി കേന്ദ്രത്തിന് ഭവന നിർമ്മാണ പദ്ധതിയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2216-80-01-99 എന്ന ശീർഷകത്തിൽ സ്വയം പര്യാപ്ത ഗ്രാമ വികസന (Developing Self Sustainable Villages) പദ്ധതി പ്രകാരം 30 വീടുകളുടെയും അനുബന്ധ ഘടകങ്ങളുടേയും നിർമ്മാണത്തിനായി 344 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) 25.11.2018 വരെ ഈ പദ്ധതിയുടെ ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;<br>(സി) തുക ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ബി) യും (സി) യും സംസ്ഥാനം നേരിട്ട പ്രളയ ദുരന്തത്തിന്റെ ഫലമായി 2018-19 ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 20% കുറഞ്ഞ തുകയ്ക്ക് പുതുക്കിയ പ്രൊപ്പോസൽ സംസ്ഥാന നിർമ്മിതി കേന്ദ്രം ലഭ്യമാക്കിയിട്ടുണ്ട്. പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് ബഡ്ജറ്റ് വിഹിതം അനുവദിക്കാത്തതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ